"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്-കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന നെസ്റ്റ് സ്പെഷ്യൽ നീഡ് ഹോം എന്ന സ്ഥാപനം 2023 നവംബർ 1 മുതൽ 2024 മാർച്ച് 31 വരെ ചെലവഴിച്ച തുക - 2235-02-102-36(02) (പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.328/2025/WCDD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-
1. 30.10.2019 ലെ GO(Rt) No. 686/2019/SJD
2. 27.02.2021 ലെ GO(Rt) No. 201/2021/SJD നമ്പർ ഉത്തരവ്
3. 26.03.2024 ലെ സ.ഉ (സാധാ) നം.130/2024/WCDD
4. 12.05.2025 ലെ ഡിഡബ്ല്യുസിഡി/572/2025-ഐസിപിഎസ് 14 നമ്പർ കത്ത്.

**ഉത്തരവ്**

അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടതുമായ സ്പെഷ്യൽ നീഡ് വിഭാഗത്തിലുള്ള കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ഹോമുകൾ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം 66,02,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന NEST എന്ന സ്ഥാപനത്തിന് 6 വയസ്സിൽ താഴെയുള്ള സ്പെഷ്യൽ നീഡ് വിഭാഗത്തിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് 5 വർഷത്തേക്ക് ഹോം പ്രവർത്തിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് സ്പെഷ്യൽ നീഡ് ഹോമായി പ്രവർത്തിക്കുന്നതിന് 5 വർഷത്തേക്ക് അനുമതി ലഭിച്ചെങ്കിലും ഒരു വർഷത്തിനു ശേഷം ടി സ്ഥാപനത്തിന്റെ അപേക്ഷ കേന്ദ്ര സർക്കാരിന്റെ പ്രോജക്ട് അപ്പ്രൂവൽ ബോർഡ് മുമ്പാകെ സമർപ്പിക്കണമെന്നും അപ്പ്രൂവൽ ബോർഡിന്റെ അനുമതി ലഭിച്ചില്ലെങ്കിൽ തുടർന്ന് പ്രവർത്തിക്കുന്നതിന് പദ്ധതി വിഹിതം ലഭിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മുമ്പാകെ സമർപ്പിക്കണമെന്നും മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

(2)01.03.2023 മുതൽ 31.10.2023 വരെ മേൽ സ്ഥാപനം ചെലവഴിച്ച തുകയായ 22,71,273/- രൂപ 2235-02-102-36 (02) ൽ നിന്ന് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നൽകിയിരുന്നു. 01.11.2023 മുതൽ 31.03.2024

വരെ സ്ഥാപനം ചെലവഴിച്ച **11,58,665/-** (പതിനൊന്ന് ലക്ഷത്തി അൻപത്തിയെട്ടായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) രൂപ **2025-26** സാമ്പത്തിക വർഷത്തെ **2235-02-102- 36(02) P** ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ചുകൊടുക്കപ്പെട്ടതുമായ സ്പെഷ്യൽ നീഡ് വിഭാഗത്തിലുള്ള കുട്ടികളുടെ പുനരധിവാസത്തിലേക്കായി പ്രവർത്തനാനുമതി നൽകിയിരുന്ന നെസ്റ്റ് എന്ന സ്ഥാപനം **01.11.2023** മുതൽ **31.03.2024** വരെ ചെലവഴിച്ച **11,58,665/-**രൂപ (പതിനൊന്ന് ലക്ഷത്തി അൻപത്തിയെട്ടായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) **2025-26** സാമ്പത്തിക വർഷത്തെ **2235-02-102-36(02)** (പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
1) മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി & ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ,എ&ഇ), കേരളം
3) ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോഴിക്കോട്
4) ധനകാര്യ വകുപ്പ്.
5) വെബ് & ന്യൂ മീഡിയ.
6) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 17-07-2025 10:36:09